എഫ്. സി. ഐ. യുടെ മൊത്തവ്യാപാരം

*66. [70] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊത്തക്കടകളും നടത്താൻ വിഷമമാണെന്ന് എഫ്. സി. ഐ. ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം ;

(ബി) അതുപ്രകാരം എഫ്. സി. ഐ. യെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം കടകളും ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) എഫ്. സി. ഐ. ഇപ്പോൾ നടത്തുന്ന 10 കടകൾ വീതിച്ച് എത്ര എണ്ണമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത്തരം കടകൾ സ്വകാര്യ വ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകാതെ ഇത്തരം കടകൾ സിവിൽസപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കാൻ നടപടികൾ എടുക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട് 1980 മുതൽ ;

(ബി) ഉണ്ട്.

(സി) ജില്ലാ ആസ്ഥാന താലൂക്കുകൾ ഒഴികെയുള്ള താലൂക്കുകളിൽ റേഷൻ മൊത്ത വിതരണം ഇപ്പോൾ നടത്തി വരുന്നത് സഹകരണ സ്ഥാപനങ്ങളും സ്വകാര്യ ഏജൻസികളും ആകുന്നു. അതുപോലെയുള്ള സംവിധാനം ജില്ലാ ആസ്ഥാന താലൂക്കുകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷകൾക്ക് മുൻഗണന നൽകുന്നതാണ്.

(ഡി) 10 ജില്ലകളിലായി ഇപ്പോൾ എഫ്. സി. ഐ. നടത്തി വരുന്ന 22 സബ് ഡിപ്പോകൾക്കു പകരം ഏകദേശം 91 റേഷൻ മൊത്ത വ്യാപാരികളെ നിയമിക്കേണ്ടി വരും.

(ഇ) ഇത്തരം കടകൾ സ്വകാര്യമേഖലക്ക് നൽകുമ്പോൾ സഹകരണ സംഘങ്ങളുടെ അപേക്ഷകൾക്ക് മുൻഗണന നൽകണമെന്നാണ് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ഈ ജോലി ഏറ്റെടുത്ത് നടത്താൻ തയ്യാറല്ല. എന്നറിയിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് സ്വകാര്യ മേഖലവഴി മൊത്ത വിതരണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചത്.

(3) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ന്യായവില ഷാപ്പുകൾ

131. [184] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ന്യായവില ഷാപ്പുകളും, മാവേലിസ്റ്റോറുകളും, കേരള സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) റേഷനരി, ഗോതമ്പ്, മണ്ണെണ്ണ പഞ്ചസാര തുടങ്ങിയവയുടെ വില വർദ്ധനവും, കൂലിച്ചെലവും വർദ്ധിപ്പിച്ച സ്ഥലവാടകയും, ഷാപ്പുടമകളുടെ അദ്ധ്വാനഭാരവും കണക്കിലെടുത്ത് ഇവയ്ക്കുള്ള കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly